പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ 893

08.03.2012 ൽ മറുപടിയ്ക്ക്

കുട്ടനാട്ടിൽ വിളയുന്ന നെല്ല്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ആർ. രാജേഷ് | ശ്രീ ഷിബുബേബി ജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കുട്ടനാട്ടിൽ വിളയുന്ന നെല്ല് കുത്താൻ കൊടുക്കുന്നത് സ്വകാര്യ മില്ലുകൾക്കാണ് എന്ന് ആക്ഷേപം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ സർക്കാർ മില്ലുകളിൽ നെല്ല് കുത്താൻ കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | എ) & ബി) സർക്കാർ ഉടമസ്ഥതയിൽ നെല്ല് സംസ്ക്കരണ മില്ലുകൾ ഇല്ലാത്തതു കൊണ്ട് സ്വകാര്യ മില്ലുകളാണ് സപ്ലൈകോയുമായുള്ള കരാർ അനുസരിച്ച് കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകൃത നെല്ലു സംഭരണ പദ്ധതിയിലൂടെ സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി തിരികെ ഏൽപ്പിക്കുന്നത് |
| സി) ഈ അരി സ്വകാര്യ മില്ലുകൾ സ്വന്തം ബ്രാൻഡായി ഉയർന്ന വിലയ്ക്ക് വിറ്റ് ലാഭമുണ്ടാക്കുന്നതായുള്ള ആക്ഷേപം പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ; | സി) കേന്ദ്രഗവൺമെന്റിന്റെ വികേന്ദ്രീകൃത സംഭരണ പദ്ധതിയിലൂടെ സംഭരിക്കുന്ന നെല്ല് കരാറിലേർപ്പെട്ടിരിക്കുന്ന മില്ലുകൾ വഴി കുത്തി അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെയാണ് വിതരണം ചെയ്യുന്നത്. നെല്ല് സ്വകാര്യ മില്ലുകളിൽ തിരിമറി നടത്തുന്നുണ്ടോ എന്നു പരിശോധിക്കുവാൻ സപ്ലൈകോയ്ക്ക് എസ്.പി. റാങ്കിലുള്ള ഒരു വിജിലൻസ് |

| | | | |
|---|---|---|---|
| | | | ഓഫീസറുടെ നേതൃത്വത്തിൽ ശക്തമായ പിരശോധനാ സംവിധാനം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |
| ഡി) | കർഷകർക്ക്, നെല്ല് കുത്തി അരി നേരിട്ട് വിൽക്കാൻ സാധിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ? | ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ